## ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിക്കുള്ള നോട്ട്

### ഞങ്ങളും കൃഷിയിലേയ്ക്ക് – സംസ്ഥാനതല ഉദ്ഘാടനം 21.04.22

തുടർച്ചയായ വർഷങ്ങളിൽ നേരിട്ട പ്രതിസന്ധികൾക്കുശേഷം കേരളത്തിന്റെ കാർഷിക മേഖല ഉയർത്തെഴുന്നേൽപ്പിന്റെ പാതയിലാണ്. പ്രകൃതിക്ഷോഭങ്ങളും, മഹാമാരികളും സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെയും കാർഷികമേഖലയെയും കഴിഞ്ഞ 4 വർഷം തകിടം മറിക്കുകയായിരുന്നു. ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും സത്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരം ദുരന്തങ്ങളെ ചെറുക്കുന്നതിനും, പ്രതിസന്ധികൾ മുന്നിൽകണ്ടു കൊണ്ടുള്ള ഒരു പുനരുജ്ജീവന പ്രവർത്തനത്തിനും നാം മുൻതൂക്കം നൽകേണ്ടിയിരിക്കുന്നു.

കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കുന്നതിനുള്ള കൃഷിപ്രവർത്തനങ്ങൾക്ക് കേരളം തുടക്കം കുറിച്ചിരിക്കുകയാണ്. ഈ വർഷം മുതൽ കാർബൺ തൂലിതാ കൃഷി രീതികൾ നടപ്പിലാക്കുന്നതിന് തീരുമാനിച്ചത് ഇതിനുള്ള ഉത്തമ ഉദാഹരണമാണ്. അതിജീവനം കൃഷിയിലൂടെ സാധ്യമാക്കാം എന്നതിന് ധാരാളം ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. അത്തരത്തിലൊരു അതിജീവന കാർഷിക പദ്ധതികൂടിയാണ് ‘ഞങ്ങളും കൃഷിയിലേക്ക് ’എന്ന ജനകീയ പദ്ധതി.

യുവാക്കളിലടക്കം കാർഷിക താത്പര്യമുള്ള ഒരു തലമുറ വളർന്നുവരുന്നുണ്ട് എന്നുള്ളത് നമുക്ക് ആശാവഹമാണ്. ഐ.റ്റി പ്രൊഫഷണലുകളുൾപ്പെടെയുള്ള ഉദ്യോഗാർത്ഥികൾ അവരുടെ ഒഴിവുസമയം കാർഷിക പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കുന്നതായി ഇന്നു നമുക്ക് കാണാൻ കഴിയും. ഇന്നത്തെ തലമുറയിൽ പൊട്ടിമുളച്ചിട്ടുള്ള ഈ താത്പര്യത്തെ പരമാവധി ഉപയോഗപ്പെടുത്തുക എന്നതിലാണ് നമ്മൾ ശ്രദ്ധചെലുത്തേണ്ടത്. ഇതേ മാതൃകയിൽ സമൂഹത്തിലെ എല്ലാ ജനങ്ങളും, എല്ലാ കുടുംബങ്ങളും കൃഷിയിലേക്ക് ഇറങ്ങുകയാണെങ്കിൽ നമുക്ക് ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നതിൽ സംശയമില്ല. അത്തരമൊരു ഉദ്യമത്തിനാണ് സംസ്ഥാന സർക്കാരും കൃഷിവകുപ്പും ഇവിടെ തുടക്കം കുറിച്ചിരിക്കുന്നത്. ഞങ്ങളും കൃഷിയിലേക്ക് എന്ന ബൃഹത് പദ്ധതി സംസ്ഥാനത്തിലെ മുഴുവൻ കുടുംബങ്ങളെയും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പദ്ധതിയാണ്.ഉത്പാദനം മാത്രമല്ല, സംഭരണവും സംസ്കരണവും, വിപനണവും ഈ പദ്ധതിയിലെ പ്രധാന ഘടകങ്ങളാണ്. ഉത്പാദനം വർദ്ധിക്കുമ്പോൾ കർഷകർ അവരുടെ ഉല്പന്നങ്ങൾക്കു വില ലഭിക്കുന്നില്ല, അല്ലെങ്കിൽ വിപണി കണ്ടെത്തുന്നതിൽ പ്രയാസം നേരിടുന്ന

ഒരവസ്ഥയുണ്ട്. ഈ പ്രതിസന്ധി കൂടി മുന്നിൽ കണ്ടുകൊണ്ടുള്ള ഇടപെടലുകളാണ് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഉത്പാദനം മുതൽ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങളിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ പ്രാപ്തമായ 10000 കൃഷിക്കൂട്ടങ്ങൾ കൂടി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് രൂപീകരിക്കുകയാണ്. ഈ ഗ്രൂപ്പുകൾ വഴി ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും, സംഭരിച്ച ഉത്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തുന്നതിനും അവയ്ക്ക് വിപണി കണ്ടെത്തുന്നതിനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മാത്രമല്ല പദ്ധതി ആസൂത്രണത്തിനും നടത്തിപ്പിനും വാർഡുതലം മുതൽ ജില്ലാതലം വരെ പ്രത്യേക നിർവ്വഹണസമിതികളും ഇതിന്റെ പ്രത്യേകതയാണ്. ഇത്തരത്തിൽ വ്യക്തമായ ചട്ടക്കൂടോടുകൂടി സുസ്ഥിര കാർഷിക വികസനം ലക്ഷ്യമാക്കിക്കൊണ്ട് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതിയാണ് ‘ ഞങ്ങളും കൃഷിയിലേക്ക്’

എല്ലാ കുടുംബത്തെയും കൃഷിയിലേക്ക് കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ഉണ്ടാകും. ഒരു സെന്റ് പച്ചക്കറികൃഷി മുതൽ മട്ടുപ്പാവ് കൃഷി, ഹൈടെക് കൃഷി, സംയോജിത കൃഷി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും. കർഷകർ, കർഷക തൊഴിലാളികൾ, സ്ത്രീകൾ, യുവാക്കൾ, പ്രവാസികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, കുട്ടികൾ എന്നിവരുടെ പ്രത്യേക ഗ്രൂപ്പുകൾ ഉണ്ടാക്കി അവരെ കൃഷിയിലേക്ക് സജ്ജരാക്കുക എന്നതും പദ്ധതി ലക്ഷ്യമാണ്.

ഇത്തരത്തിൽ ഒരു ജനകീയ ക്യാമ്പയിൽ എന്ന നിലയിലാണ് ‘ഞങ്ങളും കൃഷിയിലേക്ക്’ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. കുടുംബങ്ങൾ കേന്ദ്രീകരിച്ച് കൃഷിചെയ്യുന്നതിനാവശ്യമായ വിത്തുകൾ, തൈകൾ എന്നിവ കൃഷിഭവനുകൾ മുഖാന്തിരം ലഭ്യമാക്കും. കൃഷിവകുപ്പിനൊപ്പം തദ്ദേക സ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ജലസേചനവകുപ്പ്, ക്ഷീരവികസനവകുപ്പ് എന്നിവരും സംയുക്തമായാണ് ‘ഞങ്ങളും കൃഷിയിലേക്ക്’ പദ്ധതി നടപ്പിലാക്കുന്നത്.